# ലേല പരസ്യം

## പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്

ആറന്മുള ഗ്രൂപ്പിൽപ്പെട്ട ചെങ്ങന്നൂർ ദേവസ്വത്തിൽ 1191 -ാം മാണ്ട് മണ്ഡലം - മകരവിളക്ക് അടിയന്തിരം സംബന്ധിച്ച് ദർശനത്തിനെത്തുന്ന അയ്യപ്പഭക്തന്മാരുടെയും 1191 ലെ തിരുവുത്സവും ശിവരാത്രി വരെയുള്ള കാലത്തും ദർശത്തിനെത്തുന്ന ഭക്തജനങ്ങളുടെ സൗകര്യാർത്ഥം 17.11.2015 മുതൽ 07.03.2016 വരെ ക്ഷേത്രത്തിന് കിഴക്കേനടയിൽ ദേവസ്വം വക സ്ഥലത്ത് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന പ്രകാരം താൽക്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള അവകാശം 2015 നവംബർ മാസം 11 തീയതി പകൽ 10 മണിക്ക് ~~പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസിൽ~~ വച്ച് പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതാണ്. ക്വട്ടേഷൻ ഹാജരാക്കുവാൻ താൽപര്യമുള്ളവർ ലേലം ആരംഭിക്കുന്നതിനു മുമ്പായി ക്വട്ടേഷൻ ഹാജരാക്കേണ്ടതാണ്. ലേലത്തിൽ പങ്ക് ചേരുന്നതിന് 10,000/- രൂപാ നിരതദ്രവ്യം ധനലക്ഷ്മി ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റായി ഹാജരാക്കേണ്ടതാണ്. ലേലം/ ക്വട്ടേഷൻ ഇവയിൽ ആരാണ് കൂടുതൽ തുക വിളിക്കുന്ന/ ഹാജരാക്കുന്ന ആളിന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതും ലേലത്തുക/ ക്വട്ടേഷൻ തുക ഇടനടി ഒന്നാകെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

മദ്യം, മത്സ്യം , മാംസം തുടങ്ങിയവയോ, ക്ഷേത്രാചാര വിരുദ്ധമായ യാതൊരു സാധനങ്ങളോ കടയിൽ വിൽപ്പന നടത്തുവാൻ പാടില്ല.

ക്ഷേത്രത്തിലെ എഴുന്നെള്ളിപ്പിനും, ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്കും തടസ്സം വരാത്ത തരത്തിൽ മാത്രമേ കടകൾ കെട്ടുവാൻ പാടുള്ളൂ. കടകളിലേക്ക് ആവശ്യമുള്ള വെള്ളവും, വൈദ്യുതിയും സ്വന്തം ഉത്തരവാദിത്വത്തിൽ എടുക്കേണ്ടതാണ്. പരാതിയ്ക്കിടവരാത്ത തരത്തിൽ കടകളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ലേലക്കാരൻ ലേലത്തുക ഒന്നായി അപ്പപ്പോൾ തന്നെ കെട്ടിവയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതും, രണ്ടാമത്തെ ലേലക്കാരന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതുമായിരിക്കും. ലേല നടത്തിപ്പിൽ നിബന്ധനകൾക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം റദ്ദ് ചെയ്ത് ആവർത്തന ലേലം നടത്തുന്നതും, ആവർത്തന ലേലത്തിൽ ഡിപ്പാർട്ട്മെന്റിന് നഷ്ടം സംഭവിച്ചാൽ ആദ്യലേലക്കാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അവകാശം ഉണ്ടായിരിക്കുന്നതും ലാഭം ഉണ്ടായാൽ ആദ്യലേലക്കാരന് അവകാശപ്പെടുവാൻ അർഹതയില്ലാത്തതുമാകുന്നു. ഡിപ്പാർട്ട്മെന്റിന്റെ പൊതു ലേല നിബന്ധനകൾ ഈ ലേലത്തിന് ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തുന്നതും, നിരാകരിക്കുന്നതും ഡിപ്പാർട്ട്മെന്റിന്റെ യുക്തം പോലെയായിരിക്കും. ഈ ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നും , ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും, ചെങ്ങന്നൂർ ദേവസ്വം ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

(Cont'd....2)

## ലേലം സംബന്ധിച്ച് ഉള്ള പ്രത്യേക നിബന്ധനകൾ

1. ഓരോ കടകൾ നടത്തുന്നതിനുള്ള അവകാശം പ്രത്യേകം പ്രത്യേകമായാണ് ലേലം ചെയ്യുന്നത്.

2. ക്വട്ടേഷൻ ഹാജരാക്കുന്നവർ കോട്ടു ചെയ്യുന്ന തുകയുടെ 10% തുകയ്ക്കുള്ള ധനലക്ഷ്മി ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ഹാജരാക്കുന്ന ക്വട്ടേഷന്റെ കവറിന്റെ പുറത്ത് ക്വട്ടേഷൻ ഹാജരാക്കുന്ന ആളിന്റെ പേരും പൂർണ്ണ മേൽവിലാസവും ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ള സ്കെച്ചും പ്രകാരം ഏത് നമ്പർ കടയ്ക്കുള്ള ക്വട്ടേഷനാണെന്ന് രേഖപ്പെടുത്തേണ്ടതാണ്.

4. കുത്തക സംബന്ധിച്ച് സർക്കാരിലേക്ക് എന്തെങ്കിലും നികുതിയോ, മറ്റോ അടയ്ക്കേണ്ടതായി വന്നാൽ ആയത് കുത്തകക്കാരൻ അടയ്ക്കേണ്ടതാണ്.

5. ലേലത്തിൽ പങ്കെടുക്കാൻ വരുന്നവർ/ ക്വട്ടേഷൻ ഹാജരാക്കുന്നവർ അവരുടെ വോട്ടർ ഐഡന്റിന്റി കാർഡിന്റെയോ, തിരിച്ചറിയലിനുതകുന്ന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മറ്റു തിരിച്ചറിയൽ കാർഡിന്റെയോ പകർപ്പ് ഹാജരാക്കേണ്ടതാണ്.

6. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി ഹാജരാക്കേണ്ടതാണ്.

7. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു കട നടത്തിനുള്ള ലേലത്തിൽ പങ്കെടുക്കുവാനുള്ള അവകാശം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഏതെങ്കിലും കട ലേലം വിളിക്കാൻ ലേലദിവസം ആളില്ലാതെ വരുന്ന പക്ഷം തൊട്ടടുത്ത ദിവസം അതേ സമയം അതേ സ്ഥലത്ത് വച്ച് തന്നെ ആവർത്തനലേലം നടത്തുന്നതാണ്.

8. ഒരു കട ലേലം പിടിക്കുന്നയാൾക്ക് ആ കടയിൽ തന്നെ ഒന്നിലധികം സ്ഥാപനങ്ങൾ നടത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

9. ലേലപരസ്യത്തോടൊപ്പം കാണിച്ചിട്ടുള്ള സ്കെച്ചിൽ പറഞ്ഞിരിക്കുന്ന അളവിൽ കൂടുതലായി സ്ഥലം ഉപയോഗിക്കുവാൻ പാടുള്ളതല്ല.

10. കട ലേലം കൊണ്ടയാൾക്ക് ആ കട മറ്റൊരു വ്യക്തിയ്ക്ക് കീഴ് വാടകയ്ക്കോ, മറ്റു തരത്തിലോ നൽകുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

11. കട നടത്തുന്ന ആൾ അയാളുടെ തിരിച്ചറിയൽ രേഖ കടയിൽ സൂക്ഷിക്കേണ്ടതും, ആവശ്യമുള്ള പക്ഷം അത് പരിശോധനാ ഉദ്യോഗസ്ഥന് പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

(Cont'd....3)

12. ലേല നിബന്ധനയിൽ പറയുന്ന കാലാവധിക്കപ്പുറം കട നടത്തുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

13. ഉപദേശകസമിതി ഭാരവാഹിക്കോ, അവരുടെ അടുത്ത ബന്ധുക്കൾക്കോ ലേലത്തിൽ പങ്കെടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. കട ലേലം കൊണ്ടയാളുടെ നോമിനിയായും ഇവർക്ക് കട നടത്തുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

14. ലേലക്കാരൻ ഒരു കാരണവശാലും ക്ഷേത്രത്തിന്റെ മതപരമായ ചടങ്ങുകളിലോ, ആചാരങ്ങളിലോ ഇടപെടലുകൾ നടത്തുവാൻ പാടുള്ളതല്ല.

15. ദേവസ്വം അധികാരികൾ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

Sd/-

ഡെപ്യൂട്ടിദേവസ്വം കമ്മീഷണർ
പത്തനംതിട്ട

പത്തനംതിട്ട
. .2015

Approved

4/11/15
Deputy Devaswom Commissioner
(Inspection)